(സി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടികളാണ് സർക്കാർ കൈക്കൊണ്ടിരിക്കുന്നത് ;

(ഡി) ഇപ്പോൾ ഭരണസമിതിയിൽ എത്ര പേരാണ് ഉള്ളത് ഇവരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവർ ആരെങ്കിലും ഉണ്ടോ ;

(ഇ) ഭരണസമിതി അംഗമായി തുടരുവാൻ ആരെങ്കിലും വിസമ്മതം അറിയിച്ചിട്ടുണ്ടോ ;

(എഫ്) ഇപ്പോൾ ഭരണസമിതിയിൽ ഒഴിവുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഉടനെ ആളെ നിയമിക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ ദേവസ്വം മുൻ ഭരണസമിതി ചെയർമാനും മറ്റംഗങ്ങൾക്കുമെതിരായി വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. റിപ്പോർട്ട് ഇപ്പോൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സൂക്ഷ്മ പരിശോധനയിലാണെന്നും അതിനുശേഷം മാത്രമേ അനന്തര നടപടികൾക്കായി ബ്യൂറോയുടെ ശുപാർശസഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുള്ളൂയെന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ ഭരണസമിതിയിൽ 8 പേരാണ് ഉള്ളത്. ആരുടെയും പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായി അറിവില്ല.

(ഇ) ഇല്ല.

(എഫ്) ഇപ്പോൾ ഭരണസമിതിയിൽ ഒരു അംഗത്തിന്റെ ഒഴിവുണ്ട്. നിയമന കാര്യം തീരുമാനിച്ചിട്ടില്ല.

മലബാർ ദേവസ്വംബോർഡ് രൂപീകരണം

123 (2836) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വംബോർഡ് രൂപീകരണത്തെക്കുറിച്ച് ഏതെങ്കിലും കോടതിവിധി നലവിലുണ്ടോ ;

(ബി) മലബാർ ദേവസ്വംബോർഡ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. മലബാർ പ്രദേശത്തെ ദേവസ്വങ്ങൾക്കുവേണ്ടി ഒരു ദേവസ്വംബോർഡും സംസ്ഥാനത്ത് മൂന്ന് മേഖലകൾക്കുകൂടി (തിരുവിതാംകൂർ, കൊച്ചി, മലബാർ) ഒരു ഏകീകൃതബോർഡും രൂപീകരിക്കുന്നതിനായി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(2837 മുതൽ 2875 വരെയുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

II ശ്രദ്ധക്ഷണിക്കൽ

(1) സഹകരണ ബാങ്കുകളിൽ നിന്നും കൂടുതൽ വായ്പകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ അതിപ്രധാനമായ സഹകരണരംഗം നേരിടുന്ന വളരെ രൂക്ഷമായ പ്രശ്നമാണ് ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. നമ്മളെല്ലാവരും ഈ പൊതുമേഖല, സ്വകാര്യമേഖലാ ബാങ്കുകൾ നമുക്കുതരുന്ന വായ്പയുടെ നിക്ഷേപാനുപാതത്തെക്കുറിച്ച് വളരെ കുറഞ്ഞുപോയെന്ന് ബഹളം വയ്ക്കുന്ന ആളുകളാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി നമ്മളെല്ലാവരും ഈ കാര്യം പറയാറുണ്ട്. അത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്കുണ്ടാക്കുന്ന ആഘാതം വളരെ വലുതാണ്. അങ്ങനെയുള്ളപ്പോൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ സമാഹരിച്ചിരിക്കുന്ന നിക്ഷേപം, സഹകരണമേഖലയിലെ ഗുണഭോക്താക്കൾക്ക് വായ്പയായി നൽകാതെ ആദായം മാത്രം മോഹിച്ച് മറ്റു മേഖലകളിൽ മുടക്കുന്നതുമൂലം വിവിധ മേഖലകളിൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പിന്നോക്കാവസ്ഥ വളരെ വലുതാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ഉദ്ദേശ ലക്ഷ്യങ്ങൾതന്നെ ഇതുമൂലം ലംഘിക്കപ്പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനമെന്നു പറയുന്ന ഒന്ന്, വായ്പാ നിക്ഷേപത്തിന്റെ അനുപാതമാണ്. പിന്നെ നമുക്ക് അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന വായ്പ നിക്ഷേപ അനുപാതം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. (നാഷണലൈസ്ഡ് ബാങ്കിന്റെ). 1999- സെപ്റ്റംബറിലെ കണക്കനുസരിച്ച് വായ്പാ നിക്ഷേപ അനുപാതം 39.38 -ഉം ലേറ്റസ്റ്റ് കണക്കനുസരിച്ച് 37-ഉം ആണെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങളായ 'നബാർഡ്', ഐ.ഡി.ബി.ഐ., എൻ.സി.ഡി.സി. യു.റ്റി.ഐ., ജി.ഐ.സി., എൽ.ഐ.സി., ഐ.സി.ഐ.സി.ഐ., ഐ.എഫ്.സി.ഐ., എന്നിവിടങ്ങളിൽനിന്നും വന്നുവന്ന്, ഏറ്റവും കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly